ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1011

# സൂറ – 31 / ലുഖ്മാൻ

## സൂക്തം: 20 – 21

രഹസ്യങ്ങൾ രഹസ്യങ്ങളായി ഇരിക്കുന്നതും വലിയൊരു ദൈവാനുഗ്രഹമാകുന്നു. ഓരോരുത്തരുടെയും രഹസ്യങ്ങൾ എല്ലാവരും അറിയുകയാണെങ്കിൽ സൗഹൃദവും സഹകരണവും അന്യമാവുകയും വെറുപ്പും വിദ്വേഷവും വളർന്ന് ആളുകൾ മൃഗങ്ങളെപ്പോലെ കടിച്ചു കീറുകയും ചെയ്യുമായിരുന്നു.

أَلَمْ تَرَوْا أَنَّ اللَّهَ سَخَّرَ لَكُم مَّا فِي السَّمَاوَاتِ وَمَا فِي الْأَرْضِ وَأَسْبَغَ عَلَيْكُمْ نِعَمَهُ ظَاهِرَةً وَبَاطِنَةً ۗ وَمِنَ النَّاسِ مَن يُجَادِلُ فِي اللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَابٍ مُّنِيرٍ ﴿٢٠﴾

20. കാണുന്നില്ലയോ, വാനലോകത്തും ഭൂമിയിലുമുള്ളതൊക്കെയും അല്ലാഹു നിങ്ങൾക്കു വിധേയമാക്കിത്തന്നിട്ടുള്ളതും അവന്റെ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹം നിങ്ങളുടെ മേൽ വിതാനിച്ചിട്ടുള്ളതും? എന്നിട്ടും ഒരു വിഭാഗം ജനങ്ങൾ ജ്ഞാനമോ മാർഗദർശനമോ ദീപ്തമായ വേദമോ ഇല്ലാതെ അല്ലാഹുവിനെക്കുറിച്ച് തർക്കിച്ചുകൊണ്ടിരിക്കുകയാകുന്നു.

### 20

أَلَمْ تَرَوْا = നിങ്ങൾ കണ്ടിട്ടി(കാണുന്നി)ല്ലയോ

أَنَّ اللَّهَ سَخَّرَ لَكُم = തീർച്ചയായും അല്ലാഹു നിങ്ങൾക്ക് വിധേയമാക്കിത്തന്നു(ന്നിട്ടുള്ളതും)

مَّا فِي السَّمَاوَاتِ وَمَا فِي الْأَرْضِ = വാനലോകത്തും ഭൂമിയിലും ഉള്ളത് (ഒക്കെയും)

وَأَسْبَغَ عَلَيْكُمْ = അവൻ നിങ്ങളുടെ മേൽ വിശാലമാക്കി (വിതാനിച്ചിട്ടുള്ളതും)

نِعَمَهُ = അവന്റെ അനുഗ്രഹങ്ങൾ ظَاهِرَةً وَبَاطِنَةً = പ്രത്യക്ഷവും പരോക്ഷവുമായിട്ടുള്ള

وَمِنَ النَّاسِ مَن = ആളുകളിൽ ചിലർ (എന്നിട്ടും ഒരു വിഭാഗം ജനങ്ങൾ)

يُجَادِلُ فِي اللَّهِ = അല്ലാഹുവിനെക്കുറിച്ച് തർക്കിച്ചുകൊണ്ടിരിക്കുകയാകുന്നു

بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَابٍ مُّنِيرٍ = ജ്ഞാനവും മാർഗദർശനവും ദീപ്തമായ വേദവും ഇല്ലാതെ

സൃഷ്ടികളുടെ ആത്യന്തികമായ നന്ദിയും കൂറും അല്ലാഹുവിനോട് മാത്രമായിരിക്കണമെന്നും മനുഷ്യന്റെ കർമജീവിതത്തിൽ ആ വികാരങ്ങൾ പ്രതിഫലിക്കേണ്ടതെങ്ങനെയാണെന്നും വിശദീകരിക്കുകയായിരുന്നു ലുഖ്മാനുൽ ഹകീം പുത്രനു നൽകിയ ഉപദേശത്തിലൂടെ. അനന്തരം മുഖവുരയിൽ പറഞ്ഞ വിഷയത്തിലേക്ക് മടങ്ങുകയാണ്. പതിനൊന്നാം സൂക്തത്തിലെ فَأَرُونِي مَاذَا خَلَقَ الَّذِينَ مِن دُونِهِ എന്ന വാക്യത്തോടാണ് ഈ സൂക്തം ബന്ധപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ സൃഷ്ടികളെ ദൈവങ്ങളാക്കി ആരാധിക്കുന്നവരോട് അതിശയത്തിന്റെയും ആക്ഷേപത്തിന്റെയും

സ്വരത്തിൽ ചോദിക്കുകയാണ്: വാനലോകത്തും ഭൂമിയിലുമുള്ള ചരാചരങ്ങൾ മർത്യജീവിതത്തിന്റെ താൽപര്യത്തിനു വിധേയമാക്കി സംവിധാനിച്ചുവെച്ചിട്ടുള്ളതിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചുനോക്കുന്നില്ലേ? അവയിലേതെങ്കിലുമൊന്ന് അല്ലാഹുവല്ലാത്ത ആരെങ്കിലും സൃഷ്ടിച്ചുതന്നതാണെന്നു പറയാൻ കഴിയുമോ? ഇല്ലെങ്കിൽ ഇതര ദൈവങ്ങളെ അവന്റെ പങ്കാളികളാക്കുന്നതിനും ആരാധിക്കുന്നതിനും നിങ്ങൾക്കുള്ള ന്യായമെന്താണ്?

أَنَّ اللَّهَ سَخَّرَ لَكُم-അല്ലാഹു നിങ്ങൾക്ക് വിധേയമാക്കിയിരിക്കുന്നു- എന്ന വാക്യത്തിന്റെ താൽപര്യം നിങ്ങൾക്കു വേണ്ടി, നിങ്ങളുടെ ജീവിതത്തിനു വേണ്ടി അല്ലാഹു കണിശമായ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമാക്കിവെച്ചിരിക്കുന്നു എന്നാണ്. സൂര്യചന്ദ്രന്മാരെ അവൻ (അല്ലാഹു) വിധേയപ്പെടുത്തിവെച്ചരിക്കുന്നു - سَخَّرَ الشَّمْسَ وَالْقَمَرَ എന്ന് അടുത്ത 29-ാം സൂക്തത്തിലും *ഫാത്വിർ* 13-ാം സൂക്തത്തിലും *സുമർ* 5-ാം സൂക്തത്തിലും പറയുന്നുണ്ട്. 14:33-ൽ وَسَخَّرَ لَكُمُ الشَّمْسَ وَالْقَمَرَ دَائِبَيْنِ -നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന സൂര്യചന്ദ്രന്മാരെ നിങ്ങൾക്ക് വിധേയമാക്കിയിരിക്കുന്നു- എന്നും പറയുന്നു. 16:12-ൽ രാപ്പകലുകളെയും സൂര്യചന്ദ്രന്മാരെയും നിങ്ങൾക്കു വിധേയമാക്കിത്തന്നിരിക്കുന്നു- وَسَخَّرَ لَكُمُ اللَّيْلَ وَالنَّهَارَ وَالشَّمْسَ وَالْقَمَرَ എന്നാണ് പറയുന്നത്. സൃഷ്ടികളുടെ അല്ലാഹുവിനോടുള്ള വിധേയത്വം നിരുപാധികവും സമഗ്രവുമാണ്. സൃഷ്ടികളെ മനുഷ്യർക്ക് വിധേയമാക്കിയിരിക്കുന്നു എന്നു പറയുന്നത് മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാനുതകുന്ന നിയമങ്ങളും വ്യവസ്ഥകളുമനുസരിച്ച് പ്രവർത്തിക്കുന്നവിധം അവയെ സ്ഥാപിച്ചിരിക്കുന്നു എന്ന അർഥത്തിലാണ്.

സൃഷ്ടികൾ മനുഷ്യർക്ക് വിധേയമാകുന്നതിന് രണ്ടു രൂപമുണ്ട്: 1) അവ മനുഷ്യന്റെ ആവശ്യങ്ങൾക്ക് വിധേയമായി പ്രവർത്തിച്ചുകൊണ്ടിരിക്കും. മനുഷ്യൻ അനുനിമിഷം അവ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. അവയുടെ പ്രവർത്തനത്തെ ആശ്രയിക്കാതെ ജീവിതം അസാധ്യമാകുന്നു. എന്നാൽ മനുഷ്യന് അവയിൽ നിയന്ത്രണാധികാരമോ ഉടമസ്ഥതയോ ഒട്ടുമില്ല. ഉദാഹരണം സൂര്യചന്ദ്രന്മാർ, രാപ്പകലുകൾ. ചില സൃഷ്ടികൾ പ്രയോജനം നൽകുന്നതോടൊപ്പം അവന്റെ നിയന്ത്രണത്തിനും ഉടമസ്ഥതക്കും വിധേയവുമാകുന്നു. അവയെ പരിപാലിച്ചും രൂപപരിണാമം വരുത്തി സംസ്കരിച്ചും പ്രയോജനം വർധിപ്പിക്കുകയും ചെയ്യാം. ഉദാഹരണം: നാൽക്കാലികൾ, സസ്യങ്ങൾ, മറ്റ് അചേതന പദാർഥങ്ങൾ. സത്യാന്വേഷണ താൽപര്യത്തോടെ ചിന്തിക്കുന്നവർക്ക് ഈ പ്രതിഭാസങ്ങളിലെല്ലാം സ്രഷ്ടാവിന്റെ അപാരമായ സൃഷ്ടിവൈഭവവും മനുഷ്യരോടുള്ള കാരുണ്യവും തെളിഞ്ഞുകാണാം.

വിപുലമാവുക, വിസ്തൃതമാവുക എന്ന അർഥത്തിലുള്ള سَبَغَ -യുടെ സകർമക രൂപമാണ് أَسْبَغَ. ഇത് സമ്പൂർണമാക്കുക, സമഗ്രമാക്കുക എന്ന അർഥത്തിലും പ്രയോഗിക്കുന്നു. ജീവിതത്തിന്റെ ബാഹ്യവും ആന്തരികവുമായ എല്ലാ തലങ്ങളിലും അല്ലാഹു നിങ്ങൾക്ക് അനുഗ്രഹവും ഔദാര്യവും വിരിച്ചുതന്നിരിക്കുന്നു എന്നാണ് وَأَسْبَغَ عَلَيْكُمْ نِعَمَهُ ظَاهِرَةً وَبَاطِنَةً -യുടെ താൽപര്യം. പുറവും ബാഹ്യവും പ്രത്യക്ഷവുമൊക്കെയാണ് ظَاهِر. അകവും ആന്തരികവും പരോക്ഷവും അദൃശ്യവുമാണ് بَاطِن. സൂര്യചന്ദ്രന്മാർ, വായു, വെള്ളം, പഞ്ചേന്ദ്രിയങ്ങൾ, കൈകാലുകൾ തുടങ്ങിയവ പ്രത്യക്ഷമായ അനുഗ്രഹങ്ങളാണ്. ശരീരത്തിനകത്തുള്ള ഹൃദയം, വൃക്കകൾ തുടങ്ങിയ ആന്തരികാവയവങ്ങളും ബുദ്ധി, വിജ്ഞാനം, വിവേചന ശക്തി തുടങ്ങിയ അദൃശ്യ യോഗ്യതകളും പരോക്ഷമായ അനുഗ്രഹങ്ങളിൽ പെടുന്നു. പരോക്ഷമായ അനുഗ്രഹങ്ങളിൽ ചിലത് മനുഷ്യൻ അന്വേഷണത്തിലൂടെയും ഗവേഷണത്തിലൂടെയും കണ്ടെത്തിക്കൊണ്ടിരിക്കുന്നു. വൈദ്യുതി ഉൾപ്പെടെയുള്ള ആധുനിക ജീവിത സമാഗ്രികൾ ഉദാഹരണം. ശാസ്ത്രം എത്രയൊക്കെ പുരോഗമിച്ചാലും അല്ലാഹു നമുക്കായി ഒരുക്കിവെച്ച മറഞ്ഞുകിടക്കുന്ന അനുഗ്രഹങ്ങൾ എല്ലാം കണ്ടുപിടിച്ചു തീർക്കാൻ മനുഷ്യന്നാവില്ല. എത്ര അറിഞ്ഞാലും അതിന്റെ എത്രയോ ഇരട്ടി അറിയാതെ കിടപ്പുണ്ടാകും. وَمَا أُوتِيتُم مِّنَ الْعِلْمِ إِلَّا قَلِيلًا -തുഛമായ അറിവേ നിങ്ങൾക്കു ലഭിച്ചിട്ടുള്ളൂ (17:85).

അന്വേഷണത്തിലൂടെയും ഗവേഷണത്തിലൂടെയും കണ്ടെത്താൻ കഴിയാത്ത ചില കാര്യങ്ങളുമുണ്ട്; غَيْب -അതിഭൗതിക കാര്യങ്ങൾ. ആത്മാവ്, മരണാനന്തരാവസ്ഥ, പരലോകം, അല്ലാഹുവിന്റെ സത്ത, വിധി തുടങ്ങിയവ غَيْب -ൽ പെടുന്നു. غَيْبِي ആയ കാര്യങ്ങളെല്ലാം അറിയുന്നത് അല്ലാഹു മാത്രം. അവൻ തൃപ്തിപ്പെട്ട ദൈവദൂതന്മാർക്ക് അതിൽ നിന്ന് അവനുദ്ദേശിക്കുന്നത് അറിയിച്ചുകൊടുക്കും. عَالِمُ الْغَيْبِ فَلَا يُظْهِرُ عَلَىٰ غَيْبِهِ أَحَدًا ﴿٢٦﴾ إِلَّا مَنِ ارْتَضَىٰ مِن رَّسُولٍ ''അവൻ അതിഭൗതിക രഹസ്യങ്ങളൊക്കെയും അറിയുന്നവൻ. അവന്റെ രഹസ്യങ്ങൾ ആർക്കും വെളിപ്പെടുത്തുന്നില്ല; അവൻ തൃപ്തിപ്പെട്ട ദൈവദൂതന്നല്ലാതെ'' (72:26-27).

മനുഷ്യന്റെ അന്വേഷണങ്ങൾക്കും ഗവേഷണങ്ങൾക്കും അതീതമായ അതിഭൗതിക വിഷയങ്ങളായതുകൊണ്ടാണ് അല്ലാഹുവിനെക്കുറിച്ചും അവന്റെ ഗുണങ്ങളെക്കുറിച്ചും അവൻ മനുഷ്യരിൽ ചുമത്തുന്ന ഉത്തരവാദിത്തങ്ങളെക്കുറിച്ചും പരലോകത്തെക്കുറിച്ചും മനുഷ്യരെ അറിയിക്കാൻ അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും വേദങ്ങളവതരിപ്പിച്ചതും. മനുഷ്യരെ അറിയിക്കാൻ അവൻ ഉദ്ദേശിച്ച കാര്യങ്ങൾ പ്രകൃത്യാതീതമായ ദിവ്യസന്ദേശത്തിലൂടെ തന്റെ ദൂതന്മാരെ അറിയിക്കുകയും അത് ജനങ്ങളിൽ പ്രബോധനം ചെയ്യാൻ അവരോട് കൽപിക്കുകയും ചെയ്തു. ദൈവദൂതന്മാരുടെ മാർഗദർശനവും വേദപ്രമാണങ്ങളും പരിഗണിക്കാതെ അതിഭൗതിക വിഷയങ്ങളിൽ സ്വാഭിപ്രായങ്ങൾ രൂപീകരിക്കുന്നതും വിധിപറയുന്നതും ഭോഷ്ക്കാകുന്നു.

ചില പണ്ഡിതന്മാർ ظَاهِر ആയ അനുഗ്രഹങ്ങളെ ഭൗതിക ലോകത്ത് നൽകുന്ന പ്രത്യക്ഷമായ അനുഗ്രങ്ങഹളെന്നും, بَاطِن ആയ അനുഗ്രഹങ്ങളെ മനുഷ്യൻ അറിയാതെ പരോക്ഷമായി നൽകുന്നതും അല്ലാഹു അറിയിച്ചാൽ മാത്രം അറിയുന്നതുമായ അനുഗ്രഹങ്ങൾ എന്നും നിർവചിച്ചിരിക്കുന്നു. ധർമസമരത്തിൽ ഏർപ്പെടുന്ന സമരഭടന്മാർ കാണാത്തവിധത്തിൽ അവരെ സഹായിക്കാൻ മലക്കുകളെ നിയോഗിക്കുന്നത് ഒരുദാഹരണം. മനുഷ്യർ അറിഞ്ഞും അറിയാതെയും ചെയ്യുന്ന അബദ്ധങ്ങൾ; വലിയ ദുരന്തമായിരിക്കും അതിന്റെ ഫലം. ചിലപ്പോൾ അത്തരം അബദ്ധങ്ങൾ ചെയ്യുന്നവരും അവിചാരിതമായി ആപത്തിലകപ്പെടുന്നവരും ഒരു പോറലും ഏൽക്കാതെ രക്ഷപ്പെടുന്നു. ഇതും അല്ലാഹു ചെയ്യുന്ന بَاطِن ആയ അനുഗ്രഹമത്രെ. ആളുകൾ പക്ഷേ, ഇത്തരം സംഭവങ്ങളെ കേവലം യാദൃഛികമായി കരുതി അവഗണിക്കുന്നു. അല്ലാഹു പറഞ്ഞു: وَمَا أَصَابَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُو عَن كَثِيرٍ

-നിങ്ങളെ ബാധിക്കുന്ന വിപത്തുകളൊക്കെയും സ്വന്തം കൈകള്‍കൊണ്ട് സമ്പാദിച്ചതാകുന്നു. പെരുത്തു അബദ്ധങ്ങള്‍ അവന്‍ പൊറുത്തുതരുന്നുമുണ്ട് (42:30). ഈ രക്ഷയും പരോക്ഷമായ അനുഗ്രഹമാകുന്നു.

രഹസ്യങ്ങള്‍ രഹസ്യങ്ങളായി ഇരിക്കുന്നതും വലിയൊരു ദൈവാനുഗ്രഹമാകുന്നു. ഓരോരുത്തരുടെയും രഹസ്യങ്ങള്‍ എല്ലാവരും അറിയുകയാണെങ്കില്‍ സൗഹൃദവും സഹകരണവും അന്യമാവുകയും വെറുപ്പും വിദ്വേഷവും വളര്‍ന്ന് ആളുകള്‍ മൃഗങ്ങളെപ്പോലെ കടിച്ചു കീറുകയും ചെയ്യുമായിരുന്നു. നബി (സ) പറഞ്ഞു: لَوْ تَكَاشَفْتُم مَا تَدَافنتم -'നിങ്ങളുടെ രഹസ്യങ്ങളെല്ലാം എല്ലാവര്‍ക്കും വെളിപ്പെട്ടിരുന്നുവെങ്കില്‍ മരിച്ചാല്‍ പരസ്പരം മറമാടുക പോലുമില്ല.' അതായത്, ഓരോരുത്തരുടെയും മനസ്സില്‍ ഒളിച്ചിരിക്കുന്ന വിചാരങ്ങള്‍ പരസ്യമാവുകയാണെങ്കില്‍, ഒരാള്‍ മരിച്ചാല്‍ മറമാടുന്നതില്‍ സഹകരിക്കാന്‍ പോലും അപരന്‍ തയാറാവുകയില്ല. അവര്‍ പറയും; അവനെ പട്ടി തിന്നട്ടെ, അതാണവന്റെ ദൗഷ്ട്യം അര്‍ഹിക്കുന്നത്.

അല്ലാഹുവിന്റെ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങള്‍ ആസ്വദിച്ചു വാഴുന്ന മനുഷ്യരില്‍ ചിലര്‍ ജ്ഞാനമോ മാര്‍ഗദര്‍ശനമോ വേദപ്രമാണങ്ങളുടെ വെളിച്ചമോ ഒന്നും ഇല്ലാതെ അല്ലാഹുവിനെക്കുറിച്ച് തര്‍ക്കിച്ചുകൊണ്ടിരിക്കുകയാണ്. جَادَل-യുടെ വര്‍ത്തമാന രൂപമാണ് يُجَادِل. തര്‍ക്കത്തിനും സംവാദത്തിനും جِدَال ഉപയോഗിക്കും. പിടിവാശിയും മാത്സര്യവുമില്ലാതെ, ആശയങ്ങള്‍ കൈമാറാനും സത്യം കണ്ടെത്താനുമുള്ള വാദപ്രതിവാദം, സംവാദം ആണ് ഇസ്‌ലാം ആവശ്യപ്പെടുന്ന جِدَال. അത്തരം വാദപ്രതിവാദങ്ങള്‍ ജ്ഞാനത്തെയും സന്മാര്‍ഗദര്‍ശനത്തെയും വേദപ്രമാണങ്ങളെയും അവലംബിച്ചുകൊണ്ടുള്ളതായിരിക്കും. അതൊന്നും പരിഗണിക്കാതെയുള്ള വാദപ്രതിവാദം, തന്റെ വാദം തെറ്റാണെങ്കില്‍ പോലും ജയിക്കാനും പ്രതിയോഗിയെ തോല്‍പിക്കാനുമുള്ള തര്‍ക്കമായിരിക്കും. പ്രകൃത സൂക്തം സൂചിപ്പിക്കുന്നത് ഈ جِدَال-നെയാണ്. ഇവിടെ علم കൊണ്ടുദ്ദേശ്യം തെളിവുകളുടെയും ന്യായങ്ങളുടെയും അടിസ്ഥാനത്തിലുണ്ടാകുന്ന ബോധ്യമാണ്. തെളിവുകളുടെയും ന്യായങ്ങളുടെയും പിന്‍ബലമില്ലാതെ ഉണ്ടാകുന്നത് ബോധ്യം علم അല്ല; جَهْل ആകുന്നു. അതുതന്നെയാണ് അന്ധവിശ്വാസം. അന്ധവിശ്വാസങ്ങളുടെ അടിത്തറ ഊഹങ്ങളും അനുകരണഭ്രമവുമാണ്. ഊഹങ്ങള്‍ സത്യത്തിന്റെ യാതൊരു പ്രയോജനവും ചെയ്യുന്നതല്ല- إِنَّ الظَّنَّ لَا يُغْنِي مِنَ الْحَقِّ شَيْئًا (10:36). അറിവ് ഒട്ടും ഇല്ലാത്തവരെ സത്യം ബോധ്യപ്പെടുത്തുന്നതിനേക്കാള്‍ പ്രയാസമാണ് അന്ധവിശ്വാസികളെ സത്യം ബോധ്യപ്പെടുത്തുക എന്നത്. അറിവില്ല എന്നറിയുന്നവന്‍ തര്‍ക്കത്തിനു മുതിരില്ല. അറിവുള്ളവരില്‍ നിന്ന് പഠിക്കാന്‍ തയാറാവുകയും ചെയ്യും. തന്റെ അസത്യവിശ്വാസങ്ങള്‍ അറിവായി ധരിക്കുന്നവര്‍, ആ അസത്യങ്ങള്‍ സ്ഥാപിക്കാന്‍ തര്‍ക്കിച്ചുകൊണ്ടിരിക്കും.

അല്ലാഹുവിനെക്കുറിച്ചുള്ള തര്‍ക്കം പലതരമുണ്ട്. അല്ലാഹു ഉണ്ടോ ഇല്ലേ എന്നതാണ് ഒരു തര്‍ക്കം. അവന്‍ ഒന്നോ അധികമോ എന്നത് മറ്റൊരു തര്‍ക്കം. അല്ലാഹുവിന്റെ ഗുണങ്ങളെയും കഴിവുകളെയും കുറിച്ചും തര്‍ക്കമുണ്ടാവാം. അല്ലാഹു സൃഷ്ടികളില്‍നിന്ന്- പ്രത്യേകിച്ചും മനുഷ്യരില്‍നിന്ന്- എന്താവശ്യപ്പെടുന്നു, അഥവാ മനുഷ്യരോട് അനുശാസിക്കുന്നതെന്തൊക്കെയാണ് എന്നതും വലിയ തര്‍ക്കവിഷയമാണ്. ഈ വിഷയങ്ങളിലൊക്കെയും ചരിത്രാതീതകാലം മുതലേ മനുഷ്യര്‍ തര്‍ക്കിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതിലൊരു പക്ഷം തര്‍ക്കിക്കുന്നത് എപ്പോഴും عِلْم ഇല്ലാതെയായിരിക്കും. പ്രപഞ്ചത്തിന് ഒരു ദൈവമില്ലെന്ന് ഉറപ്പിക്കണമെങ്കില്‍ പ്രപഞ്ചത്തിന്റെ മുക്കുമൂലകളൊക്കെ പരിശോധിച്ച് അവിടെയെങ്ങും ദൈവമോ ദൈവത്തിന്റെ അടയാളമോ ഇല്ലെന്ന് ബോധ്യപ്പെടണം. ഇങ്ങനെയൊരു പരിശോധന നടത്തുക ഒരു മനുഷ്യന്നും സാധ്യമല്ല. ദൈവം തന്റെ ജ്ഞാനേന്ദ്രിയങ്ങള്‍ക്ക് ഗോചരനായിട്ടില്ല; അതിനാല്‍ ദൈവമില്ല എന്നാണ് നാസ്തിക വാദത്തിന്റെ ആകത്തുക. താന്‍ കാണാത്തതൊന്നും ഇല്ല എന്ന് വിശ്വസിക്കുന്നത് യഥാര്‍ഥത്തില്‍ യുക്തിവിരുദ്ധമായ അന്ധവിശ്വാസമാണ്. പ്രപഞ്ചത്തിന്റെ മുക്കുമൂലകളെല്ലാം പരിശോധിച്ച് ദൈവത്തെ നേരില്‍ കണ്ടിരിക്കുന്നു എന്നവകാശപ്പെടുന്നവരല്ല ദൈവവിശ്വാസികള്‍. ദൈവം പദാര്‍ഥാതീതനും അഗോചരനുമാകുന്നു. അവനെ പദാര്‍ഥ മനുഷ്യന് കാണാനാവില്ല. പക്ഷേ, പ്രപഞ്ചത്തിലെങ്ങും അവന്റെ അസ്തിത്വം വിളിച്ചോതുന്ന പ്രതിഭാസങ്ങള്‍ നിറഞ്ഞുകിടക്കുന്നുണ്ട്. ജാഹിലിയ്യാ കാലത്തെ പ്രശസ്ത ചിന്തകനും പ്രഭാഷകനുമായിരുന്നു ഖുസ്സുബ്‌നു സാഇദ ഒരിക്കല്‍ സൂഖ് ഉക്കാളില്‍ നടത്തിയ പ്രഭാഷണത്തില്‍ പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്നു: ''വഴിയില്‍ കാണപ്പെടുന്ന ചാണകം ഒട്ടകത്തെ കുറിക്കുന്നു. കാല്‍പാടുകള്‍ അതിന്റെ കടന്നുപോക്കിനെയും. നക്ഷത്രരാശികളാല്‍ അലംകൃതമായ വിണ്ടലം, മലകളും മലയിടുക്കുകളുമുള്ള ഭൂതലം, മിന്നിത്തിളങ്ങുന്ന താരകങ്ങള്‍, അലതല്ലുന്ന ആഴികള്‍.... ഇതൊക്കെയും സൂക്ഷ്മദ്രഷ്ടാവും അഗാധജ്ഞനുമായ ഒരു സ്രഷ്ടാവിന്റെ അസ്തിത്വം വിളിച്ചുപറയുന്നില്ലേ? ....'' പ്രവാചകാഗമനത്തിനു പത്തുകൊല്ലം മുമ്പ് മരിച്ചുപോയ ചിന്തകനാണ് قس. ഇതാണ് അറിവിനു ശേഷം പരാമര്‍ശിച്ച هُدًى- മാര്‍ഗദര്‍ശനത്തിന്റെ- ഒരു മാനം. പ്രവാചകന്മാര്‍ പ്രബോധനം ചെയ്ത ഉപദേശങ്ങളാണ് മാര്‍ഗദര്‍ശനത്തിന്റെ മറ്റൊരു മാനം. ദൈവദൂതന്‍ ദൈവദൂതനാണെന്നു ബോധ്യപ്പെട്ടുകഴിഞ്ഞാല്‍ അദ്ദേഹം പറയുന്നത് സമ്പൂര്‍ണമായും സത്യങ്ങളാകുന്നു. അദ്ദേഹത്തെ വിശ്വസിക്കുന്നവര്‍ക്ക് ഇന്ദ്രിയഗോചരമായ യാഥാര്‍ഥ്യങ്ങള്‍ക്കു സമാനമാണത്. كِتَابٍ مُّنِير- പ്രകാശം ചൊരിയുന്ന വേദവും മാര്‍ഗദര്‍ശനത്തിന്റെ هُدًى-യുടെ ഭാഗവുമാകുന്നു. വെളിച്ചം ചൊരിയുന്ന വേദം കൊണ്ട് സൂചിപ്പിക്കുന്നത് ഖുര്‍ആനാണ്. വേദങ്ങള്‍ പലതുണ്ട്. പല കാരണങ്ങളാല്‍ പൂര്‍വവേദങ്ങളുടെ വെളിച്ചം കെട്ടുപോയിരിക്കുന്നു. ഇന്നും കത്തിനില്‍ക്കുന്ന ഏകവേദം ഖുര്‍ആനാകുന്നു. പൂര്‍വവേദങ്ങള്‍ നിയമപുസ്തകങ്ങളാണ്. അവയുടെ പ്രബോധകരായ പ്രവാചകന്മാര്‍ പ്രത്യക്ഷപ്പെടുത്തിയ ദിവ്യാത്ഭുതങ്ങള്‍ مُعْجِزَات- വേറെയായിരുന്നു. ഖുര്‍ആനാകട്ടെ മുഹമ്മദ് നബിയിലൂടെ പ്രത്യക്ഷമായ ദിവ്യാത്ഭുതം കൂടിയാകുന്നു. അതുകൊണ്ട് അത് കെട്ടുപോകാതെ, മാറ്റപ്പെടാതെ അന്യൂനം നിലനില്‍ക്കുന്നു. അതിന്റെ സംരക്ഷണം അല്ലാഹു നേരിട്ടേറ്റെടുത്തിരിക്കുന്നു. എക്കാലത്തും സത്യാന്വേഷണ താല്‍പര്യത്തോടെ അതിനെ സമീപിക്കുന്നവര്‍ക്കാണ് അതില്‍നിന്ന് സത്യം ഗ്രഹിക്കാന്‍ കഴിയുക.

●

وَإِذَا قِيلَ لَهُمُ اتَّبِعُوا مَا أَنزَلَ اللَّهُ قَالُوا بَلْ نَتَّبِعُ مَا وَجَدْنَا عَلَيْهِ آبَاءَنَا ۚ أَوَلَوْ كَانَ الشَّيْطَانُ يَدْعُوهُمْ إِلَىٰ عَذَابِ السَّعِيرِ ﴿٢١﴾

21. അല്ലാഹു അവതരിപ്പിച്ചുതന്ന വേദപ്രമാണങ്ങൾ പിന്തുടരുവിൻ എന്നുപദേശിച്ചാൽ അവർ ഘോഷിക്കുകയായി: ഇല്ല, ഞങ്ങളുടെ പൂർവപിതാക്കൾ ആചരിച്ചുകണ്ടതേ ഞങ്ങൾ പിന്തുടരൂ. ചെകുത്താന്മാർ അവരെ വിളിക്കുന്നത് ആളിക്കത്തുന്ന നരകശിക്ഷയിലേക്കാണെങ്കിലും അവർ ആ മാർഗം തന്നെ പിന്തുടരുമെന്നോ?!

**21**

وَإِذَا قِيلَ لَهُمُ= അവരോട് പറയപ്പെട്ടാൽ (അവരെ ഉപദേശിച്ചാൽ) اتَّبِعُوا = നിങ്ങൾ പിന്തുടരുവിൻ

مَا أَنزَلَ اللَّهُ = അല്ലാഹു ഇറക്കിയതിനെ (അവതരിപ്പിച്ച വേദപ്രമാണങ്ങൾ) قَالُوا = അവർ ഘോഷിക്കുകയായി بَلْ = ഇല്ല

نَتَّبِعُ مَا وَجَدْنَا عَلَيْهِ آبَاءَنَا= ഞങ്ങളുടെ പിതാക്കളെ എന്തിന്മേൽ കണ്ടുവോ അതിനെ ഞങ്ങൾ പിന്തുടരുന്ന (ഞങ്ങളുടെ പൂർവപിതാക്കൾ ആചരിച്ചുകണ്ടതേ ഞങ്ങൾ പിന്തുടരൂ)

أَوَلَوْ كَانَ الشَّيْطَانُ يَدْعُوهُمْ= ചെകുത്താൻ അവരെ വിളിക്കുന്നത് ആണെങ്കിലും (അവർ ആ മാർഗം തന്നെ പിന്തുടരുമെന്നോ)

إِلَىٰ عَذَابِ السَّعِيرِ = ആളിക്കത്തുന്ന (നരക) ശിക്ഷയിലേക്ക്

ജ്ഞാനവും ജ്ഞാനികളുടെ മാർഗദർശനവുമില്ലാതെ ദൈവകാര്യങ്ങളിൽ തർക്കിക്കുന്ന അന്ധവിശ്വാസികളായ വിഗ്രഹാരാധകരോട് അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങൾ പഠിപ്പിക്കുന്ന ആദർശങ്ങളും തത്ത്വങ്ങളും വിശ്വസിക്കാനും ദൈവം അനുശാസിച്ച നിയമങ്ങൾ പിന്തുടരാനും ഉപദേശിക്കുമ്പോൾ അവരുടെ മറുപടി ഇതായിരിക്കും: നിങ്ങൾ പറയുന്ന വേദപ്രമാണങ്ങളും പ്രവാചക മാർഗദർശനങ്ങളുമൊന്നും ഞങ്ങൾ സ്വീകരിക്കാൻ പോകുന്നില്ല. അതൊക്കെ ഇന്നോ ഇന്നലെയോ ഉണ്ടായതാണ്. ഞങ്ങൾക്ക് അതിനൊക്കെ എത്രയോ മുമ്പ് പൂർവപിതാക്കൾ തലമുറതലമുറകളായി കൈമാറിവന്ന വിശ്വാസങ്ങളും ആചാരങ്ങളുമുണ്ട്. കാക്കകാരണവന്മാർ കൈവിടാതെ സൂക്ഷിച്ചുപോന്ന അമൂല്യമായ പൈതൃകമാണത്. ഞങ്ങൾ ഈ പുതിയ വിശ്വാസവും ആചാരവും സ്വീകരിക്കുന്നതിനർഥം പൂർവികർ ആചരിച്ചുവന്നത് തെറ്റായിരുന്നുവെന്നാണ്. സ്വന്തം പൂർവികരെ തള്ളിപ്പറയുന്നതിൽപരം പിതൃനിന്ദ എന്തുണ്ട്! പൂർവികരിൽനിന്ന് പകർന്നുകിട്ടിയതെന്തിനും അവരുടെ പൈതൃകം എന്ന നിലയിലുള്ള പവിത്രതയും മഹത്വവുമുണ്ട്. പൂർവികരിൽനിന്ന് പകർന്നുകിട്ടുന്നതാണ് നമ്മുടെ ദേശീയ പൈതൃകം. അത് കൈവെടിയുന്നത് അന്തസ്സും ആഭിജാത്യവുമില്ലാത്ത അപമാനകരമായ നടപടിയാകുന്നു. സഹസ്രാബ്ദങ്ങളായി നിലനിന്നിരുന്ന പാവനമായ ആചാരവിശ്വാസങ്ങൾ ഇന്നലെ രംഗത്തുവന്ന ഒരാളുടെ വാക്കുകേട്ട് വലിച്ചെറിയുകയോ?! അതൊരിക്കലും നടപ്പില്ല. ഞങ്ങൾ പൂർവപിതാക്കളുടെ അചാരവിശ്വാസങ്ങളിൽ തന്നെ ഉറച്ചുനിൽക്കുകയാണ്.

കാലപ്പഴക്കം കൊണ്ട് ഒരസത്യം സത്യമാവുകയില്ല. അനേക തലമുറകൾ ആചരിച്ചതുകൊണ്ട് അധർമം ധർമമാവുകയുമില്ല. അയ്യായിരം കൊല്ലത്തെ പാരമ്പര്യം പറഞ്ഞാണ് മനുഷ്യർക്കിടയിൽ ജാതീയ ഉച്ചനീചത്വവും അയിത്തവും അസ്പൃശ്യതയും കൽപിക്കുന്ന മനുഷ്യത്വവിരുദ്ധമായ സാമൂഹികക്രമത്തെ അതിന്റെ വാഹകർ മഹത്വവൽക്കരിക്കുകയും പുനഃസ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത്. ഒരു കാര്യം സത്യവും ധർമവുമായി അംഗീകരിക്കാൻ അത് സത്യവും ധർമവുമാണെന്ന് സ്ഥിരപ്പെടുത്തുന്ന തെളിവുകളും ന്യായങ്ങളും വേണം. അത്തരം തെളിവുകളും ന്യായങ്ങളുമൊന്നുമില്ലാതെ ജനം പൂർവാചാരങ്ങൾ തന്നെ പിന്തുടരുമെന്നോ? പൂർവികരുടെ വിശ്വാസങ്ങളും ആചാരങ്ങളും അവരുടെ ജഡികാസക്തികളെ ആധാരമാക്കിയുള്ളതും ചെകുത്താൻ അവർക്ക് സുന്ദരമായി ത്തോന്നിച്ച അധർമങ്ങളുമാകാം. അപ്പോൾ പൂർവപിതാക്കൾ യശസ്സിലേക്കു നയിക്കുകയല്ല; മറിച്ച് ചെകുത്താന്മാർ കത്തിയെരിയുന്ന നരകത്തിലേക്ക് നയിക്കുകയാണ് സംഭവിക്കുന്നത്. എന്നാലും ഈ ജനം അവരെത്തന്നെ പിന്തുടരുമോ, അതും അല്ലാഹു അവരെ വിജയത്തിന്റെയും പാരത്രിക സൗഭാഗ്യത്തിന്റെയും വഴിയിലേക്ക് വിളിച്ചുകൊണ്ടിരിക്കുമ്പോൾ?! *അൽബഖറ* 170-ാം സൂക്തത്തിൽ ഈ ആശയം ഇപ്രകാരം അവതരിപ്പിച്ചിരിക്കുന്നു: أَوَلَوْ كَانَ آبَاؤُهُمْ لَا يَعْقِلُونَ شَيْئًا وَلَا يَهْتَدُونَ - പൂർവപിതാക്കൾ യാതൊന്നും ഗ്രഹിക്കാത്തവരും സന്മാർഗം പ്രാപിച്ചിട്ടില്ലാത്തവരും ആണെങ്കിലും ഇക്കൂട്ടർ അവരെത്തന്നെ പിൻപറ്റുമെന്നോ?'' അവരുടെ ബാലിശമായ വാദത്തിനുനേരെ ഹാസ്യാത്മകമായ അത്ഭുതപ്രകടനമാണ് ഈ ചോദ്യം. ഇത്തരം കുതർക്കികളുടെ പ്രചോദനം ചെകുത്താനാണെന്ന് 6:121-ൽ പറയുന്നു: إِنَّ الشَّيَاطِينَ لَيُوحُونَ إِلَىٰ أَوْلِيَائِهِمْ لِيُجَادِلُوكُمْ- ''ചെകുത്താന്മാർ അവരുടെ സഖാക്കളെ ബോധനം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്; അവർ നിങ്ങളോട് തർക്കിക്കാൻ.''

●